**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1135** — **03.12.2015 ൽ മറുപടിയ്ക്ക്**

## ഹയർ സെക്കൻഡറി തുല്യതാ കോഴ്സ്

| ചോദ്യം<br>ശ്രീ.എ.എ.അസീസ് | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ഹയർ സെക്കൻഡറിക്ക് തുല്യതാ കോഴ്സ് നടത്തുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്; | (ബി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന പത്താം തരം തുല്യതാ കോഴ്സ് പാസ്സായവർ, ഔപചാരിക തലത്തിലുള്ള എസ്.എസ്.എൽ.സി വിജയിച്ചതിന് ശേഷം പഠനം നിർത്തിയവർ, ഔപചാരിക തലത്തിലുള്ള പ്ലസ് ടൂ/പ്രീ-ഡിഗ്രി പഠനം ഇടയ്ക്ക് വെച്ച് നിർത്തിയവർ, കോഴ്സ് പൂർത്തിയാക്കിയവർ, പരീക്ഷയിൽ പരാജയപ്പെട്ടവർ, പത്താംതരം തുല്യതാ കോഴ്സ് പാസ്സായവർ ഒഴികെയുള്ള വിഭാഗത്തിലെ പഠിതാക്കൾക്ക് രജിസ്ട്രേഷൻ കാലയളവിൽ ജൂൺ 1-ന് 22 വയസ്സ് പൂർത്തിയായിരിക്കണം എന്നിവയാണ് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതകൾ. |
| (സി) ഏതൊക്കെ ഗ്രൂപ്പുകളിലാണ് തുല്യതാ കോഴ്സ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ഹ്യുമാനിറ്റീസ് ഗ്രൂപ്പുകളിൽ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി അല്ലെങ്കിൽ ഗാന്ധിയൻ സ്റ്റഡീസ് എന്നിവയും, കോമേഴ്സ് ഗ്രൂപ്പിൽ അക്കൗണ്ടൻസി, ബിസിനസ്സ് സ്റ്റഡീസ്, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് എന്നിവ ഐഛിക വിഷയങ്ങളും, പാർട്ട് I ൽ ഇംഗ്ലീഷും, പാർട്ട് II ൽ മലയാളം അല്ലെങ്കിൽ ഹിന്ദി എന്നിവയുമാണ് സിലബസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ